**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5968** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ പ്രഖ്യാപിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായി എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടതെന്നും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് 2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെ നടത്തിയ 42-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 6000 കോടി രൂപയായിരുന്നു. ടി കാലയളവിൽ നിക്ഷേപത്തിൽ 9967.43 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>2023 ഫെബ്രുവരി 15 മുതൽ 2023 മാർച്ച് 31 വരെ നടത്തിയ 43-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയായിരുന്നു. ടി കാലയളവിൽ നിക്ഷേപത്തിൽ 8646.35 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെ നടത്തിയ 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയായിരുന്നു. ടി കാലയളവിൽ നിക്ഷേപത്തിലുണ്ടായ അറ്റ വർദ്ധവ് 7467.23 കോടി രൂപയാണ്. 45-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2025 മാർച്ച് 5 മുതൽ ഏപ്രിൽ 3 വരെയാണ്. ആയത് നടന്നു വരുന്നു. |
| (ബി) | നിക്ഷേപ സമാഹരണ യജ്ഞം ലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണ യജ്ഞം, ലക്ഷ്യം കൈവരിക്കാത്തതിന് നിരവധി കാരണങ്ങളുണ്ട്. ആയതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br><br>1. ദേശീയവും അന്തർദേശീയവുമായ സാമ്പത്തിക മാന്ദ്യം, പണപ്പെരുപ്പം, തൊഴിൽ നഷ്ടം എന്നിവ കാരണം ആളുകളുടെ നിക്ഷേപ ശേഷിയും താൽപര്യവും കുറഞ്ഞത്. |

2. 2018 - ൽ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കം, കോവിഡ് മഹാമാരി എന്നിവ സൃഷ്ടിച്ച സാമ്പത്തിക ബുദ്ധിമുട്ടുകൾ.

3. വ്യാവസായിക ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള കടുത്ത മത്സരം.

4. കഴിഞ്ഞ കാലങ്ങളിൽ ചില സഹകരണ സംഘങ്ങളിൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുകൾ പൊതുജനങ്ങളിൽ സഹകരണ സ്ഥാപനങ്ങളെ പറ്റി സൃഷ്ടിച്ച തെറ്റിദ്ധാരണ.

കേരളത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം വർധിപ്പിക്കാൻ വിവിധ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്.

1. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018 പ്രകാരം ലിക്വുഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെമായി പരമാവധി 5 ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുകയും നിക്ഷേപകരെ സഹകരണ മേഖലയിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

2. നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം/വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ, നിലവിലുള്ള കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018-ൽ ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി), 2024 പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

3. നിക്ഷേപ സമാഹരണ കാലയളവിൽ നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ഉയർത്തി സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചുവരുന്നുണ്ട്. ഇതും പൊതുജനങ്ങളെ സഹകരണ മേഖലയിൽ നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുന്നു.

4. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനും ബാങ്കിങ് സംവിധാനങ്ങളെ മികവുറ്റതാക്കുന്നതിനും വേണ്ടി കോർബാങ്കിംഗ് ഉൾപ്പെടെയുള്ള നിരവധി നൂതന സാങ്കേതിക സംവിധാനങ്ങൾ കേരളാ ബാങ്കിൽ നടപ്പിലാക്കി.

| | | | |
|---|---|---|---|
| | | | 5. സഹകരണ മേഖലയിൽ നിക്ഷേപം നടത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കാമ്പയിനുകൾ, സെമിനാറുകൾ എന്നിവ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ